# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം -പി 5-1604/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം -പി 5-1604/22 തീയ്യതി: 07/11/2022

# എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസ്മിത.കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രസാദ്.പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.മേഴ്സി .കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരീഷ് പി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജി സന്തോഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.രേഖ.കെ | സെക്രട്ടറി | 01-04-2021 | 15-02-2022 |
| ശ്രീ.മഹേഷ് കുമാർ | സെക്രട്ടറി | 16-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജിജി | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുധാകുമാരി | കൃഷി ഓഫീസർ | 01-04-2021 | 03-05-2021 |
| ശ്രീമതി.ജീന ജോർജ് | കൃഷി ഓഫീസർ | 04-05-2021 | 27-07-2021 |
| ശ്രീമതി.മാരിയറ്റ് ജോർജ് | കൃഷി ഓഫീസർ | 28-07-2021 | 01-10-2021 |
| ശ്രീ.അരുൺ പോൾ | കൃഷി ഓഫീസർ | 02-10-2021 | 31-03-2022 |
| ഡോ.നിഷ ജയചന്ദ്രൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ജസ്മി എം മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ലിബി ആന്റണി | വെറ്ററിനറി സർജൻ | 01-04-2021 | 28-11-2021 |
| ഡോ. മീര ബെൻ വക്കച്ചൻ | വെറ്ററിനറി സർജൻ | 29-11-2021 | 31-03-2022 |
| ശ്രീമതി.സിന്ധു പി. പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിനില സി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ജെജു.പി | ഹെഡ്മാസ്റ്റർ ,ഗവ.എൽ.പി.എസ് | 01-04-2021 | 06-12-2021 |
| ശ്രീമതി.ആഷ.ടി | ഹെഡ്മാസ്റ്റർ ,ഗവ.എൽ.പി.എസ് | 07-12-2021 | 31-03-2022 |
| ശ്രീമതി.ശാന്തി.കെ | അസി.സെക്രട്ടറി | 01-04-2021 | 23-01-2022 |
| ശ്രീമതി.വിജയലക്ഷ്മി | അസി.സെക്രട്ടറി | 24-01-2022 | 31-03-2022 |
| ശ്രീമതി.സഹീറ.എം.എ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ശ്രീമതി.പരിനീത.വി.കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 19-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു നടുവിലത്ത് | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീ.പ്രതീഷ് കുമാർ | വി.ഇ.ഒ 11 | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Susmitha (Audit Officer, On 29-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: K.V.Susmitha (Audit Officer, On 24-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.V.Susmitha (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Susmitha (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Susmitha (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Hareesh P.R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: K.V.Susmitha (Audit Officer, On 01-09-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.V.Susmitha (Audit Officer, On 29-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-10 |
| 12 | വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Hareesh P.R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-11 |
| 13 | വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് - അപാകതകൾ.<br>Written By: Hareesh P.R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-12 |
| 14 | ഉപയോഗക്രമം അനുസരിച്ച് വസ്തുനികുതി പുനർനിർണയിച്ചില്ല.<br>Written By: Mercy KP (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-13 |
| 15 | തൊഴിൽ നികുതി പിരിവ് - അപാകതകൾ<br>Written By: Hareesh P.R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-14 |
| 16 | വാടക - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-15 |
| 17 | ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ അനധികൃതമായി ജലമൂറ്റി വില്പന നടത്തി | 1-16 |

| | | |
|---|---|---|
| | Written By: Hareesh P.R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | |
| 18 | പഞ്ചായത്ത് ശ്മശാനം നടത്തിപ്പ് - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-17 |
| 19 | ആട് വിതരണം - മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-18 |
| 20 | പശുവിതരണം - മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-19 |
| 21 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Mercy KP (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-20 |
| 22 | തുക അടവാക്കിയെങ്കിലും എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ലഭ്യമായിട്ടില്ല.<br>Written By: Mercy KP (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-21 |
| 23 | ജില്ലാ വെബ് പോർട്ടൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Mercy KP (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-22 |
| 24 | പി.എം.എ.വൈ. വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Mercy KP (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-23 |
| 25 | ലൈഫ് ഭവന പദ്ധതി - ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം.<br>Written By: Mercy KP (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-24 |
| 26 | കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-25 |
| 27 | ഐ.കെ.എം. വിഹിതം - അധിക തുക നൽക<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-26 |
| 28 | എസ്.എസ്.എ. - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-27 |
| 29 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം -ഫണ്ട് ലാപ്സായി<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-10-2022) | 1-28 |
| 30 | ഡെപ്പോസിറ്റ് പ്രവർത്തികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-29 |
| 31 | നിർമ്മാണം പൂർത്തിയാകാത്ത പകൽവീടിനായി ഫർണീച്ചർ വാങ്ങി<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-30 |
| 32 | സാക്ഷരതാ പ്രേരകിന് ഓണറേറിയം - മുൻകൂർ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-31 |

| | | |
|---|---|---|
| 33 | വനിതാ വ്യവസായ കേന്ദ്രങ്ങളിലേക്ക് വാങ്ങിയ ഫർണീച്ചർ മറ്റ് സ്ഥാപനങ്ങൾക്ക് നൽകി<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-32 |
| 34 | പൊതുടാപ്പുകൾ - സംയുക്ത പരിശോധന നടത്തേണ്ടതാണ്<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-33 |
| 35 | വാഹന പരിപാലനം<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-34 |
| 36 | തെരുവ് വിളക്ക് അറ്റകുറ്റപണി- അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-35 |
| 37 | എൽ.ഇ.ഡി. സ്ഥാപിക്കൽ - വൈദ്യുതി ബോർഡിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 1-36 |
| 38 | മഴക്കാലപൂർവ്വശുചീകരണം- രേഖകൾ ഹാജരാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-37 |
| 39 | ഒരേ പ്രവൃത്തിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി<br>Written By: Prasad P G (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-38 |
| 40 | അമ്പാട്ടുകാവ് തുരങ്കപാത- നാളിതുവരെയായിട്ടും നിർമ്മാണം തുടങ്ങിയില്ല.<br>Written By: Prasad P G (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-39 |
| 41 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Prasad P G (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.V.Susmitha (Audit Officer, On 24-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 24-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.V.Susmitha (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.V.Susmitha (Audit Officer, On 28-08-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 14-10-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.V.Susmitha (Audit Officer, On 25-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.V.Susmitha (Audit Officer, On 25-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.V.Susmitha (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 04-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.V.Susmitha (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 14-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 10.3.22 തീയതിയിലെ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 240127603 രൂപ വരവും 242696362 രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവുചെലവ് കണക്കും ബജറ്റും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2022 | 4.8.2022 |

### 1-2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. ചില പണമിടപാടുകൾ തെറ്റായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തിയതായി കണ്ടു. ആയതിനാൽ പ്രസതുത ഇനങ്ങളിലെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഹെഡുകളുമായി പൊരുത്തപ്പെടുന്നില്ല. തൊഴിലുറപ്പ് പദ്ധതി വരവ് 320100128 എന്ന ഹെഡിൽ രേഖപ്പെടുത്തുന്നതിന് പകരം 312100128 എന്ന ഹെഡിൽ വരവായി എടുത്തിരിക്കുന്നു. കൂടാതെ ഈ അക്കൗണ്ടിൽ ലഭിച്ച പലിശ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ നീക്കിയിരിപ്പ് തുകയിലും വ്യത്യാസം സംഭവിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ക്യാഷ്ബുക്ക് പ്രകാരം 6/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പില്ല. സ്ഥിര നിക്ഷേപ അക്കൗണ്ടിൽ Excess Of Income Over Expenditure എന്ന ഹെഡിൽ വന്ന 2,43,546/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ സ്ഥിരനിക്ഷേപ അക്കൗണ്ട് ഹെഡിലെ തുകയും യഥാർത്ഥ നിക്ഷേപതുകയും പൊരുത്തപ്പെടുന്നില്ല.

4. വാർഷിക കണക്ക് പ്രകാരമുള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പുതുകയും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുകയും വ്യത്യാസമുള്ളതായി കണ്ടു. ഇക്കാര്യം ഖണ്ഡിക 4-2 ൽ പരാമർശിച്ചിട്ടുണ്ട്. സാംഖ്യ ACR ൽ വരാത്ത ഗ്രാന്റിനങ്ങളുടെ വരവ് ചെലവുകൾ രേഖപ്പെടുത്താൻ പ്രത്യേകമായി ഒരു ACR എഴുതി സൂക്ഷിക്കേണ്ടതാണ്.

5. എല്ലാ അക്കൗണ്ടുകളുടേയും പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി തെറ്റായ അക്കൗണ്ടുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ലെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, വേണ്ടിടത്ത് യഥാസമയം തിരുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,83,07,723 |
| വരവ് | 15,05,07,835 |
| ആകെ | 16,88,15,558 |
| ചെലവ് | 12,00,73,252 |
| നീക്കിയിരിപ്പ് | 4,87,42,306 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയത് | 34,22,351 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 1,35,34,068 | 1,35,34,068 | 1,17,55,383 | 17,78,685 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 59,36,519 | 59,36,519 | 55,07,460 | 4,29,059 | 0 |
| വികസനഫണ്ട് -ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 1,06,64,000 | 1,06,64,000 | 99,95,297 | 6,68,703 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 58,06,069 | 58,06,069 | 36,60,570 | 21,45,499 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-basic | 0 | 20,18,096 | 20,18,096 | 12,70,265 | 7,47,831 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-basic (ബാങ്ക്) | 0 | 30,31,758 | 30,31,758 | 30,31,758 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-tied | 0 | 2378477 | 23,78,477 | 23,21,500 | 56,977 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied( ബാങ്ക്) | | 44,26,000 | 44,26,000 | 25,52,926 | 0 | 18,73,074 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320300103-TSC | 14,99,098 | 1,148 | 15,00,246 | 0 | 0 | 15,00,246 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം-320100121 | 3,32,602 | 11,37,706 | 14,70,308 | 14,70,308 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100181-sanitation | 1,84,528 | 0 | 1,84,528 | 0 | 0 | 1,84,528 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320400199-PBIG | 34,08,338 | 0 | 34,08,338 | 17,04,038 | | 17,04,300 |
| സാക്ഷരത-320200309 | 31,770 | 799 | 32,569 | 0 | 0 | 32,569 |
| 320300199-വിമുക്തി, അഗതി കേരളം | 11,32,506 | 1,220 | 11,33,726 | 49,220 | 0 | 10,84,506 |
| 320200322-ശുചിത്വമിഷൻ | 10,881 | 1,80,000 | 1,90,881 | 1,80,000 | 0 | 10,881 |
| 320900102-Donations For Epidemic Control | 0 | 4,43,620 | 4,43,620 | 4,35,515 | 0 | 8,105 |
| 320200305-Buds School | 10,30,052 | 5,23,678 | 15,53,730 | 5,06,181 | 0 | 10,47,549 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 13,17,92,946 | 163 | 7,33,66,910 | 21 | 28 | 76.88% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 79 | 3,80,770 | 3,80,849 | 3,80,849 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 75,17,000 | 75,17,000 | 75,17,000 | 0 |
| | 79 | 78,97,770 | 78,97,849 | 78,97,849 | 0 |

Note : തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് മേൽപട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 46,84,600 | 293 |
| വിധവാപെൻഷൻ | 2,01,86,300 | 1287 |
| വാർദ്ധക്യകാല പെൻഷൻ | 3,24,23,300 | 2153 |
| വികലാംഗ പെൻഷൻ | 49,71,200 | 314 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 6,01,600 | 37 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,145/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.പല വരവുചെലവുകളും തെറ്റായ ഹെഡിലാണ് ചേർത്തിട്ടുള്ളത്.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ പലതും ഉപയോഗിക്കാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു.
5.ഇടെണ്ടർ ഒഴിവാക്കുന്നതിനായി പ്രവർത്തികൾ വിഭജിച്ച് പല പദ്ധതികളാക്കി നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2020 | 3/2020 – 8/20 | 27.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.5.2022 മുതൽ 13.6.2022 വരെ | 2017-18 മുതൽ 2021-22 വരെ | 16.7.2022 |

## 1-11 വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ കണ്ടെത്തിയ അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ചില കെട്ടിടങ്ങളുടെ വസ്തു നികുതി അസെസ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) കൊച്ചി മെട്രോയുടെ ഉടമസ്ഥതയിലുള്ള 112 കെട്ടിടങ്ങളുടെ വസ്തു നികുതി അസെസ്സ് ചെയ്തതിട്ടുണ്ട് എന്നാൽ നാളിതുവരെയായും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
ബി) ഇൻഡസ് ടവേഴ്സിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (14/578/A2) വസ്തു നികുതി അസെസ്സ് ചെയ്തതിട്ടില്ല. ടി ടവറിന്റെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
സി) എ.ടി.സി. ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (16/4/C) വസ്തു നികുതി അസെസ്സ് ചെയ്തതിട്ടുണ്ട് എന്നാൽ നാളിതുവരെയായും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് 31.08.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് നൽകിയ മറുപടിയിൽ കെ.എം.ആർ.എൽ. നികുതി ഒഴവാക്കുന്നതിനായി കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും, ആയത് കോടതിയുടെ പരിഗണനയിലായതിനാൽ നിലവിൽ ഈടാക്കുവാൻ സാധിക്കുയില്ല എന്നും, മൊബൈൽ ടവറുകളുടെ നികുതി അസ്സസ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി

സ്വീകരിച്ചു എന്നും അറിയിച്ചിരുന്നു. മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി അടിയന്തിരമായി ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് - അപാകതകൾ.

26.05.2017 തീയതിയിലെ സ.ഉ.(കൈ) നം.106/17/ത.സ്വ.ഭ.വ പ്രകാരം വിമുക്തഭടൻമാരുടെ ഭവനങ്ങളുടെ കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും നിശ്ചിത മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം ഇളവിന് അർഹരായവർ മാർച്ച് 31 ന് മുൻപായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്. വസ്തുനികുതി ഇളവിനായി പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം ഉത്തരവിൽ പറഞ്ഞിട്ടുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്. കെട്ടിട നികുതിയിളവിന് അർഹരായ വിമുക്തഭടൻമാർക്ക്/ വിമുക്തഭടൻമാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.
വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുന്നതിനായി വർഷം തോറും സമർപ്പിക്കുന്ന സാക്ഷ്യപത്രങ്ങൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
A)വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.
B)സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചില വിമുക്തഭടൻമാരുടെ വീടുകൾക്ക് വസ്തു നികുതി അസെസ്മെന്റ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. (ടി കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്)
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 1/5 | ഡോ.സി.കെ.പരീതുപ്പിള്ള | 185 ച.മീ | ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല |
| 2 | 1/15 | സക്കറിയ.കെ | 167 ച.മീ | ---"--- |
| 3 | 13/58 | ചാമുണ്ഡേശ്വരി.വി.കുറുപ്പ് | 142.9 ച.മീ | ---"--- |

മേൽ അപാകതയ്ക്ക് 31.08.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി ഇളവ് അനുവദിക്കുന്നതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നും, മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി അസ്സസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുന്നു. വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുമ്പോൾ സർക്കാർ ഉത്തരവിനനുസരിച്ച് പാലിക്കേണ്ട നടപടികൾ കൈക്കോള്ളേണ്ടതും, ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കേണ്ടതുമാണ്. ഇളവിന് അർഹരായ വിമുക്തഭടൻമാരുടെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അർഹരല്ലാത്ത വിമുക്തഭടൻമാരുടെ വസ്തു നികുതി ഈടാക്കുവാനും വേണ്ട ക്രമീകരണങ്ങൾ സഞ്ചയയിൽ നടത്തേണ്ടതുമാണ്. സഞ്ചയയിൽ നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങളെ അടിയന്തിരമായി അസെസ് ചെയ്ത് ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ഉപയോഗക്രമം അനുസരിച്ച് വസ്തുനികുതി പുനർനിർണയിച്ചില്ല.

പ്രോജക്ട് നമ്പർ 126/2021-22 - MCF അനുബന്ധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് വാടക നൽകി ഉപയോഗിക്കുന്ന കെട്ടിടത്തിന് ( കെട്ടിട നമ്പർ VI 189, അബ്ദുൾഖാദർ എം.എം. ) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പാർപ്പിടാവശ്യത്തിനാണ് നികുതി നിർണയിച്ചിരിക്കുന്നത്. പ്രോജക്ട് ഫയൽ പ്രകാരമുള്ള 28.01.2021 ലെ എഗ്രിമെന്റിൽ പ്രതിമാസം 15,800/- രൂപ വാടക നൽകിയാണ് മാലിന്യ ശേഖരണത്തിനായി ടി കെട്ടിടം ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്നത് എന്ന് കാണുന്നു. എന്നാൽ ഇതനുസരിച്ച് കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി കെട്ടിട നികുതി പുനർനിർണയിക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 14/30.08.2022) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി കെട്ടിട നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി രേഖകൾ ഓഡിററിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് / സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ലിസ്സി വർഗ്ഗീസ്, സെന്റ് ഫ്രാൻസിസ് ഡി അസീസ്സി സീനിയർ | II | 30,438/- | 300 | 180 | 120 |
| 2 | അനൂപ് ചന്ദ്രൻ, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 32,400 ( 1 മാസത്തെ വരുമാനം)x6= 1,94,400 | 1,250 | 750 | 500 |
| 3 | ബേസിൽ ബേബി, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 11,880 ( 1 മാസത്തെ വരുമാനം)x6= 71,280 | 600 | 450 | 150 |
| 4 | ഗോപകുമാർ, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 15716 ( 1 മാസത്തെ വരുമാനം)x6= 94,296 | 750 | 600 | 150 |
| 5 | ജിതിൻ.പി.റ്റി, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 12,900 ( 1 മാസത്തെ വരുമാനം)x6= 77,400 | 750 | 600 | 150 |
| 6 | ലിനു തോമസ്, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 7,577 ( 1 മാസത്തെ വരുമാനം)x6= 45,462 | 450 | 300 | 150 |
| 7 | നിമിഷ.എം.സി, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 8,146 ( 1 മാസത്തെ വരുമാനം)x6= 48,876 | 450 | 300 | 150 |
| 8 | ഷെഫീക്ക്, ഇ.വി.എം ഓട്ടോമോട്ടീവ് ഇൻഡ്യ(നിസ്സാൻ) | I | 8,400 ( 1 മാസത്തെ വരുമാനം)x6= 50,400 | 450 | 300 | 150 |
| 9 | ശരത്ത് രാജ്.പി, ഓട്ടോകോൺ ഇൻഡ്യ അസിസ്റ്റൻസ് & അഡ്മിൻ പ്രൈ. ലിമിറ്റഡ് | I | 1,41,333/- | 1,250 | 890 | 360 |
| 10 | ഫാത്തിമ, ഡാംഷ്വവർ എക്പ്പെർട്ട് ബിൽഡ്കെയർ | I | 8,000/- ( 1 മാസത്തെ വരുമാനം)x6= 48,000 | 450 | 300 | 150 |
| 11 | ജോസഫ്.എം.ആർ, പി.എച്ച്.സി.ചൂർണ്ണിക്കര | I | 23,046 ( 1 മാസത്തെ വരുമാനം)x6= 1,38,276 | 1,250 | 750 | 500 |
| 12 | ആർഷ.എ, SCMS സ്കൂൾ ഓഫ് ടെക്നോളജി & മാനേജ്മെന്റ് | II | 1,81,242 | 1,250 | 1,000 | 250 |
| 13 | സോമി ജോസഫ്, പ്രൈം ഓട്ടോമോട്ടീവ്സ് | II | 1,08,000 | 1,000 | 750 | 250 |
| | ആകെ | | | | | 3030 |

നഷ്ടം വന്ന ആകെ തുകയായ ₹3,030/- പ്രസ്തുത ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുമ്പോൾ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മണികണ്ഠൻ മോട്ടോഴ്സ് പ്രൈ. ലിമിറ്റഡ്, അമ്പാട്ടുകാവ് | I&II |
| 2 | ഇ.വി.എം മോട്ടോഴ്സ്& വെഹിക്കിൾസ് ഇൻഡ്യ പ്രൈ. ലിമിറ്റഡ് | I |
| 3 | വിഷൻ മോട്ടോഴ്സ് പ്രൈ. ലിമിറ്റഡ്, ആലുവ | I |

സി) ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഡൽഹിവെറി പ്രൈ. ലിമിറ്റഡ്, ചൂർണ്ണിക്കര | II |
| 2 | സപ്ലൈകോ, കുന്നപ്പുറം | II |
| 3 | Ssquad ഇൻഫോർമെഷൻ സിസ്റ്റംസ് | II |
| 4 | PHC, കുന്നത്തേരി | II |
| 5 | Many Fibre Glass, ചൂർണ്ണിക്കര | II |
| 6 | ഡാംഷുവർ എക്പ്പെർട്ട് ബിൽഡ്കെയർ, ചൂർണ്ണിക്കര | II |
| 7 | സെന്റ് ഫ്രാൻസിസ് അസീസ്സി, ആശോകപുരം | II |
| 8 | CIEL HR സർവ്വീസസ് പ്രൈ. ലിമിറ്റഡ് | I &II |
| 9 | Tritvam Enterprises, അമ്പാട്ടുകാവ് | I |
| 10 | Wearch Developers, അമ്പാട്ടുകാവ് | I |
| 11 | A M Auto Glass, അമ്പാട്ടുകാവ് | II |
| 12 | Hugo Sign, ആശോകപുരം | I |
| 13 | GMA Pinnacle ഓട്ടോമോട്ടീവ്സ് പ്രൈ. ലിമിറ്റഡ് | I |

ഡി) Harman Motors, Proconnect Supply Chain Solutions Ltd എന്നീ സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത് യഥാക്രമം 21.03.2022, 24.03.2022 തീയതികളിലാണ്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

ഇ) 2021-22 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 9/16 | Eminent ഗാർമെന്റ്സ് | 8 |
| 2 | 44/10,430 AB | Dr.Fixit എക്സ്പീരിയൻസ് സെന്റർ | 4 |
| 3 | 14/276 | പ്രീമിയർ ടിംബേഴ്സ് | 5 |
| 4 | 17/623 | ക്വാളിറ്റി ഫുഡ്സ് | 4 |
| 5 | 14/287 | കാംപസ് ഫുഡ്സ് കാന്റീൻ | 10 |
| 6 | 8/102 | ഹോട്ടൽ സനാന | 6 |
| 7 | 18/597 സി | യുണൈറ്റഡ് ഫാർമ | 5 |
| 8 | 14/588 എഫ് | ബെസ്റ്റ് ട്രേയ്ഡിംഗ് കോർപ്പറേഷൻ | 5 |
| 9 | 1/125,126,127,128 | ഹോട്ടൽ ന്യൂ ആര്യാസ് | 5 |
| 10 | 4/400 | കാരേത്തുകുഴി ആയുർവേദ ഫാർമസി | 6 |
| 11 | 14/421 | കളമശ്ശേരി ഫില്ലിംഗ് സ്റ്റേഷൻ | 9 |
| 12 | 14/272 | Teejan ഫുഡ്സ് പ്രൈ. ലിമിറ്റഡ് | 20 |
| 13 | 10/89 | അമാന പ്ലാസ്റ്റിക്ക്സ് | 7 |
| 14 | 15/425 | പോപ്പുലർ മോട്ടോർ കോർപ്പറേഷൻ | 12 |
| 15 | 17/206 എ | കെ.പി.ബജാജ് | 8 |
| 16 | 18/405 എ | MA Moopan & Brothers Pump | ജീവനക്കാരുടെ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് 29.08.2022 തീയതിയിൽ നൽകിയ എൻക്വയറി നം.9 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവ് വന്ന തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും, മറ്റ് ജീവനക്കാരുടെ തൊഴിൽ നികുതി

നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതാണെന്നും, പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽ നികുതി, പിഴ പലിശ എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാടക - അപാകതകൾ

1. വാടക – നടപടിക്രമങ്ങൾ പാലിച്ചില്ല.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം ഒരു കടമുറി മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ശ്രീ സി.എ. ജലീൽ എന്ന വ്യക്തിക്കാണ് പ്രതിമാസം 1246 +224(GST) എന്ന നിരക്കിൽ 2021-22 ൽ വാടകയ്ക്ക് നല്കിയിട്ടുള്ളത്. 2020-21 ലും ഇതേ നിരക്കിലാണ് വാടക നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (7/30.3.22) ന് മറുപടിയായി വാടക വർദ്ധിപ്പിക്കരുത് എന്ന വാടകകാരന്റെ അപേക്ഷ പരിഗണിച്ച് മുൻവർഷത്തെ നിരക്കിൽ തന്നെ വാടക വാങ്ങുകയായിരുന്നു എന്നാണ് അറിയിച്ചത്, സെക്രട്ടറിയും വാടകക്കാരും തമ്മിൽ കരാർ വച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

2020-21 വരെയുള്ള വർഷങ്ങളിൽ വാടകയിൽ 5% വാർഷികവർദ്ധനവ് വരുത്തിയിരുന്നു. 2021-22 ലെ വാടക നിരക്ക് കമ്മിറ്റി നിശ്ചയിച്ചതായും കാണുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ വാടകയ്ക്ക് നൽകുമ്പോൾ ഭരണസമിതി അംഗീകരിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി വാടകക്കാരനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കേണ്ടതും കരാർ ചമക്കേണ്ടതുമാണ്.

2. വില്ലേജ് ഓഫീസിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. 04.01.2021 ലെ ഭരണസമിതി തീരുമാനം 1 പ്രകാരമാണ് പഴയ ഓഫീസ് കെട്ടിടം വില്ലേജ് ഓഫീസിന് നൽകാൻ തീരുമാനിച്ചത്. 17.4.21-ാം തീയതിയിലെ ഭരണസമിതി തീരുമാനം നം.17(4)പ്രകാരം വില്ലേജ് ഓഫീസിന് 5,110/- രൂപ വാടക നിശ്ചയിച്ചിരുന്നു. വിലേജ് ഓഫീസർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയെങ്കിലും നാളിതുവരെ വാടക ഒടുക്കിയിട്ടില്ല. തുടർനടപടി സ്വീകരിക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.10/29.8.22) മറുപടി നൽകിയത്. നാളിതുവരെയുള്ള കുടിശ്ശിക സഹിതം വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വില്ലേജ് ഓഫീസുമായി കരാർ ചമക്കേണ്ടതുമാണ്.

## 1-16 ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ അനധികൃതമായി ജലമൂറ്റി വില്പന നടത്തി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിരവധി ജലമൂറ്റ് വില്പന കേന്ദ്രങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ അനധികൃതമായി പ്രവർത്തിക്കുന്നതിനെതിരെ 27.01.2022 തീയതിയിൽ പഞ്ചായത്ത് ഓഫീസിൽ ലഭിച്ച ശ്രീ. ഗിരീഷ് ബാബു എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ 16.02.2022 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സാധാരണ യോഗത്തിലെ 7-ാം നമ്പർ തീരുമാനപ്രകാരം "പഞ്ചായത്തിലെ ഏതെങ്കിലും വാർഡിൽ അനധികൃത ജലമൂറ്റ് കേന്ദ്രമുണ്ടോയെന്ന് വാർഡ് മെമ്പർ മുഖേന അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തി നിർത്തുന്നതിന് നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിരുന്നു". ഇതേ തുടർന്ന് 15.03.2022 തീയതിയിൽ 5 സ്ഥാപന ഉടമകൾക്ക് [(1) ഷൈലമ്മ ബെന്നി, കാടാത്തുകുളം, വാർഡ് – 18, (2) ഡെന്നീസ്, (3)സോഫി ക്ലീറ്റസ്, തോട്ടത്തുശ്ശേരി, വാർഡ് – 14, (4) രാമചന്ദ്രൻ, തെറ്റയിൽ വീട്, വാർഡ് 15, (5) ഡേവിഡ്, മങ്കുഴിത്തുണ്ടിയിൽ, വാർഡ് - 14 )} നോട്ടീസ് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കണമെന്നാവശ്യപ്പെട്ട് 30.08.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് മറുപടി ലഭ്യമാക്കിയതിൽ 2022-23 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതാണ് എന്നാണ്. 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ 232, 233 എന്നീ വകുപ്പുകൾ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കുവാൻ പാടില്ല എന്ന് നിഷ്കർശിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ ജലമൂറ്റി വില്പന നടത്തുന്ന ടി സ്ഥാപനങ്ങൾക്കെതിരെ അടിയന്തിരമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അന്വേഷണം നടത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 പഞ്ചായത്ത് ശ്മശാനം നടത്തിപ്പ് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ശ്മശാനത്തിന്റെ ബൈലോ തയ്യാറാക്കിയത് 22.7.13 തീയതിയിലെ ഭരണസമിതി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. ശ്മശാനം നടത്തിപ്പ് ശ്രീ. ചന്ദ്രൻ എന്ന വ്യക്തിയാണ് വർഷങ്ങളായി ചെയ്യുന്നത് എന്നും ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയോ നടപടിക്രമങ്ങൾ നിശ്ചയിക്കുകയോ ചെയ്തിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11/29.8.22) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇതിനായി കരാർ ചമച്ചിട്ടുമില്ല. നിലവിൽ സംസ്കാരചെലവുകൾക്ക് 3,500/- രൂപ വീതം ഈടാക്കുന്നതായി രസീതിൽ കാണുന്നു. പ്രസ്തുത രസീത് ബുക്കുകൾ ഗ്രാമപഞ്ചായത്തിന്റെ പേര് രേഖപ്പെടുത്തിയതാണെങ്കിലും പഞ്ചായത്ത് അച്ചടിച്ച് നൽകിയതല്ല. രസീത് മുഖേന പിരിക്കുന്ന

തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുമില്ല.

ശ്മശാനത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം എന്നിവ ഗ്രാമപഞ്ചായത്താണ് ഒടുക്കുന്നത് കൂടാതെ എസ്.സി. വിഭാഗക്കാർക്ക് സംസ്കാരത്തിനായി ഒടുക്കുന്ന തുക ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ നൽകുന്നുമുണ്ട്. ഓഡിറ്റ് വർഷം ഇപ്രകാരം എസ്.സി. വിഭാഗത്തിലെ 4 പേർക്ക് 3,500/- രൂപ നിരക്കിൽ ആകെ 14,000/- രൂപ നൽകിയിട്ടുണ്ട്. രസീത് മുഖേനയുള്ള വരവ് പഞ്ചായത്തിന് ലഭിക്കാത്ത സാഹചര്യത്തിൽ ഇപ്രകാരം റീഫണ്ട് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. വരവ് തുക പഞ്ചായത്തിൽ ഒടുക്കുകയോ എസ്.സി. വിഭാഗക്കാർക്ക് സംസ്കാരത്തിനുള്ള ഫീസ് ഒഴിവാക്കികൊടുക്കുകയോ ചെയ്യാവുന്നതാണ്.

ശ്മശാനം നടത്തിപ്പ് ചുമതലക്ക് ടെണ്ടർ /ക്വട്ടേഷൻ/ലേലം മുഖേന സുതാര്യമായി കരാറുകാരനെ തിരഞ്ഞെടുക്കേണ്ടതും, കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച ശേഷം മാത്രം കരാറുകാരന് പ്രവർത്തന അനുമതി നൽകേണ്ടതുമാണ്. രസീതുകൾ ഗ്രാമപഞ്ചായത്ത് മുഖേന അച്ചടിച്ച് സ്റ്റോക്കിലെടുത്ത് കരാറുകാരന് നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എസ്.സി. വിഭാഗക്കാരിൽ നിന്നും ഫീസ് ഈടാക്കാതിരിക്കുന്നതിനുള്ള വ്യവസ്ഥ ക്വട്ടേഷൻ / ലേല നോട്ടീസിൽ ഉൾപ്പെടുത്താവുന്നതുമാണ്.

1-18 ആട് വിതരണം - മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി

| | |
|---|---|
| പ്രൊജക്ട് | പെണ്ണാട് വിതരണം (80/22) |
| നിർവഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹ 70,000/- (വികസനഫണ്ട് – ജനറൽ)) |
| ചെലവ് | ₹ 42,000/- |
| ബിൽ നമ്പർ / തുക | 4/11.3.22 - ₹28,000/-<br>6/18.3.22 - ₹ 7,000/-<br>7/23.3.22 - ₹ 7,000/- |

പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് 2 ആടിനെ വീതം നൽകിയിട്ടുണ്ട്. ഒരാടിന് 7,000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്. 50% സബ്സിഡി നിരക്കിലാണ് ആടിനെ അനുവദിച്ചത്. ഗുണഭോക്താക്കളിൽ ശ്രീമതി അസ്മ റഹ്മാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3.2.22 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ച മുൻഗണന ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-12/30.8.22ന് മറുപടിയായി, മുൻഗണനാ പട്ടികയിലുള്ളവർ പദ്ധതിയിൽ അംഗമാകുവാൻ താൽപര്യം പ്രകടിപ്പിക്കാതിരുന്നതിനെ തുടർന്ന് വാർഡ് തല പട്ടികയിൽ ഉൾപ്പെട്ട വ്യക്തിക്ക് ധനസഹായം അനുവദിച്ചതാണ് എന്നും സാധൂകരണത്തിനായി ഭരണസമിതിക്ക് കത്ത് നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-19 പശുവിതരണം - മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി

| | |
|---|---|
| പ്രൊജക്ട് | പശുവിതരണം (86/22) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹ 45,000/- (വികസന ഫണ്ട് - എസ്.സി.പി.) |
| ചെലവ് | ₹ 45,000/- |
| ബിൽ നമ്പർ | 9/25.3.2022 |

പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് മാത്രമാണ് പശുവിനെ നൽകിയത് . പദ്ധതി ഫണ്ടിൽ നിന്നും 45,000/- രൂപ സബ്സിഡിയും 15,000/- രൂപ ഗുണഭോക്താവ് നേരിട്ടും നൽകിയാണ് പശുവിനെ വാങ്ങിയത്. സബ്സിഡി ലഭിച്ച ശ്രീമതി ശാന്ത രാജു, പുത്തൻ വീട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.02.2022 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ച മുൻഗണന ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-12/30.8.2022ന് മറുപടിയായി, മുൻഗണനാ പട്ടികയിലുള്ളവർ പദ്ധതിയിൽ അംഗമാകുവാൻ താൽപര്യം പ്രകടിപ്പിക്കാതിരുന്നതിനെ തുടർന്ന് വാർഡ് തല പട്ടികയിൽ ഉൾപ്പെട്ട വ്യക്തിക്ക് ധനസഹായം അനുവദിച്ചതാണ് എന്നും സാധൂകരണത്തിനായി ഭരണസമിതിക്ക് കത്ത് നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-20 മരുന്നുകൾ ലഭ്യമായില്ല

1. ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | 103/2021-22 |
| അടങ്കൽ | 4,00,000/- |
| ചെലവ് | 4,00,000/- |
| TRN/തീയതി, തുക | 211113000000008414/30.12.2021 (₹4,00,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രൊഫോമ ഇൻവോയ്സ് നം./തുക | PF1033/24.11.2021 (₹4,00,000/-) |

മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരം ഹോംകോയ്ക്ക് നൽകിയിരിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നതിനാൽ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

2. പി. എച്ച്. സി.യിലേക്ക് മരുന്നു വാങ്ങൽ.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി. എച്ച്. സി.യിലേക്ക് മരുന്നു വാങ്ങൽ. |
| പ്രോജക്ട് നമ്പർ | 40/2021-22 |
| അടങ്കൽ | ₹ 6,00,000/- |
| ചെലവ് | ₹ 6,00,000/- |
| TRN/തീയതി, തുക | 211113000000008161/20.12.2021 /6,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രൊഫോമ ഇൻവോയ്സ് നം./തുക | PRF3565/24.11.21 (₹ 6,00,000/-) |

ഫയൽ പരിശോധിച്ചതിൽ, മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരം മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിരിക്കുന്ന 6,00,000/- രൂപയിൽ , താഴെ പറയുന്ന ഇൻവോയ്സുകളിലായി 2,78,554/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1. | 11387/14.01.22 | 33,602.00 |
| 2. | 15406/31.03.22 | 2,44,952.00 |
| ആകെ | | 2,78,554.00 |

ബാക്കി 3,21,446/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 1/ 26.08.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി രേഖകൾ ഓഡിറ്റിനായി നൽകേണ്ടതാണ്. ലഭ്യമാകാത്ത മരുന്നുകളുടെ തുക 3,21,446/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 തുക അടവാക്കിയെങ്കിലും എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| പ്രോജക്ട് നമ്പർ | 90/2021-22 |
| അടങ്കൽ | 4,70,000/- |
| ചെലവ് | 4,62,893/- |
| ബിൽ നം./തീയതി, തുക | 211113520005055/23.10.2021 / ₹.4,62,893/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ടിനായി കെൽട്രോണിന്റെ പ്രോഫോമ ഇൻവോയ്സ് നം. TVM ITBG/P1/RC/30844 /20-21 Dtd 13.10.2021 പ്രകാരം 4,62,893/- രൂപ ( 27229x 17) കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ

ടി തുകയ്ക്കുള്ള ലാപ്ടോപ്പുകൾ ലഭ്യമായതായോ വിതരണം നടത്തിയതായോ ഉള്ള രേഖകളൊന്നും തന്നെ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. ലാപ്ടോപ്പുകൾ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/29.08.2022) ലഭ്യമാക്കിയ മറുപടിയിൽ, തുക അടവാക്കിയശേഷം ലാപ്ടോപ്പിന് വില വർദ്ധിപ്പിക്കുന്നതിന് തീരുമാനമുണ്ടായിരുന്നതിനാൽ ഓർഡർ നൽകുന്നതിന് സൈറ്റ് ഓപ്പൺ ചെയ്ത് കിട്ടാതിരുന്നതിനെത്തുടർന്ന് ലാപ്ടോപ്പുകൾ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ലാപ്ടോപ്പുകൾ വിതരണം നടത്തിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 4,62,893/- രൂപ തടസ്സപ്പെടുത്തുന്നു.

1-22 ജില്ലാ വെബ് പോർട്ടൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ, കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ തുക നൽകൽ എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്തിന് നൽകിയിരിക്കുന്ന 20,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/26.08.2022) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്ന് വാങ്ങി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ തുക നൽകൽ |
| പ്രോജക്ട് നമ്പർ | 210/2021-22 |
| അടങ്കൽ | 20,000/- (പ്ലാൻ ഫണ്ട്) |
| ചെലവ് | 20,000/- |
| ബിൽ നം./തീയതി, തുക | 06/21-22, 27.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

വിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-23 പി.എം.എ.വൈ. വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ. വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 206/2021-22 |
| അടങ്കൽ | ₹ 1,40,000/- |
| ചെലവ് | ₹ 1,40,000/- |
| ബിൽ നം./തീയതി, തുക | 211113520000701281983/ 09.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II |

മേൽ പ്രോജക്ടിനായി വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന് 1,40,000/- രൂപ അക്കൗണ്ട് നമ്പർ 36614462792 ലേക്ക് കൈമാറിയതായി കാണുന്നു. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 16/30.08.2022 ) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 ലൈഫ് ഭവന പദ്ധതി - ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി - ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം. |
| പ്രോജക്ട് നമ്പർ | 58/2021-22 |
| അടങ്കൽ | ₹ 44,00,000/- |
| ചെലവ് | ₹ 22,74,500/- |
| ബിൽ നം./തീയതി, തുക | 21111352001300119497/14.06.21 , ₹ 4,00,000/-<br>2021221113B000057420/24.06.21, ₹ 2,74,500/- |

| | |
|---|---|
| | 202122113B000090509/02.08.21, ₹ 12,00,000/-<br>202122113B000342158/03.12.21, ₹ 2,00,000/-<br>211113520013O1498612/27.03.22, ₹ 2,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനിർമ്മാണത്തിനായി ഭൂമി വാങ്ങിയിട്ടുണ്ട്. ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിലും അതിനു പുറമേ മറ്റ് തദ്ദേശസ്ഥാപന പരിധികളിലും ഗുണഭോക്താക്കൾ സ്ഥലം വാങ്ങിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സ്ഥലം വാങ്ങിയ തദ്ദേശസ്ഥാപന പരിധി |
|---|---|---|
| 1 | സുബി നാസർ | അശമന്നൂർ |
| 2 | സാബിറ അസീസ് | പള്ളുരുത്തി |
| 3 | മോഹനൻ പി.കെ. | വേങ്ങൂർ |
| 4 | ശിവദാസൻ പി.കെ | വേങ്ങൂർ |
| 5 | അസ്മ ബി.എം. | വേങ്ങൂർ |
| 6 | സുബൈദ | വേങ്ങൂർ |
| 7 | ബിനിത ബാബു | വേങ്ങൂർ |
| 8 | രതnം | വേങ്ങൂർ |
| 9 | നസീമ നാസർ | അശമന്നൂർ |
| 10 | ഗീതാ ലക്ഷ്മി | വേങ്ങൂർ |
| 11 | അമൃദ | വേങ്ങൂർ |

പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ (തദ്ദേശസ്ഥാപനം സാക്ഷ്യപ്പെടുത്തിയ കെട്ടിട നമ്പർ സഹിതം) ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/30.08.2022) ലഭ്യമാക്കിയ മറുപടിയിൽ ഈ 11 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുകയാണെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വീട്ട് നമ്പർ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | പഞ്ചായത്ത് ഓഫീസ് /മറ്റു സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹4,99,000/- (MG -NR) |
| ചെലവ് | ₹ 4,55,544/- |
| ബിൽ നമ്പർ | 444/26.03.2022 |

കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം 9 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിനായി 4,55,544/- രൂപ മുൻകൂറായി ഐ.ടി.മിഷന് (കെൽട്രോണിന്) നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുവാൻ തുടർനടപടികളൊന്നും നാളിതുവരെ സ്വീകരിച്ചതായി രേഖയില്ല. മുൻകൂറായി തുക നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് കെൽട്രോണുമായി കരാർ ചമച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (4/29.8.22) മറുപടിയായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത്സി.പി.ആർ.സി.എസ് വെബ്സൈറ്റ് വഴി തുക റീഫണ്ട് ചെയ്ത് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ ചെലവ് തുകയായ 455544 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-26 ഐ.കെ.എം. വിഹിതം - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് | IKM വിഹിതം (2/22) |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹3,00,000 (PLAN) |
| ചെലവ് | ₹3,00,000 |
| ബിൽ നമ്പർ | 6/06.07.2021 |

പദ്ധതി പ്രകാരം 2021-22 വർഷത്തെ IKM വിഹിതമായി 3,00,000 രൂപ പദ്ധതി ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ IKM കൺട്രോളറിന്റെ 20.4.21 ലെ IKM/A7/955/21നമ്പർ കത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ആകെ 72,277/- രൂപയാണ് വിഹിതമായി ആവശ്യപ്പെട്ടിരുന്നത്.

2020-21 – 257/- ( കുടിശ്ശിക )

2021-22 – 72,020/-

ഓഡിറ്റ് എൻക്വയറി (4/29.8.22)ന് മറുപടിയായി അധികതുക നൽകിയത് തിരികെ ഈടാക്കാൻ IKM ന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 2,27,723/- രൂപ തിരികെ ഈടാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

1-27 എസ്.എസ്.എ. - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | SSA വിഹിതം (2/22) |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 3,50,000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | ₹ 3,50,000/- |
| ബിൽ നമ്പർ | 10/04.08.2021 |

വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള എസ്.എസ്.എ. പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 3,50,000/- രൂപ പ്രൊജക്ട് പ്രകാരം എസ്.എസ്.എ. ജില്ലാ പ്രൊജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

പ്രസ്തുത തുക ചെലവഴിച്ച് 2021-22 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ എസ്.എസ്.എ. നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുന്ന ധന വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ 4/29.08.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 3,50,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-28 ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം -ഫണ്ട് ലാപ്സായി

| | |
|---|---|
| പ്രൊജക്ട് | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം (234/22) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 51,250/- (പദ്ധതിവിഹിതം) |
| ചെലവ് | ₹ 51,250/- |
| ബിൽ നമ്പർ / തുക | 26/22.2.22 – ₹ 36,000/-<br>31/16.3.22 - ₹ 15,250/- |

ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 51,250/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 36,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ജില്ലാ പഞ്ചായത്ത് നൽകിയിട്ടുണ്ട്. എന്നാൽ 15,250/- രൂപ മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്തതിനാൽ ലാപ്സായതായി ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മാർച്ച് മാസത്തെ ബിൽ ഹോസ്പിറ്റലുകളിൽ നിന്നും ഏപ്രിലിൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നാണ് ജില്ലാ പഞ്ചായത്ത് അറിയിച്ചത്. സംയുക്ത പദ്ധതിക്കായി തുക നൽകിയെങ്കിലും കരാർ ചമച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരമാണ് തുക നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (4/29.08.2022) മറുപടി നൽകിയത്. ഭാവിയിൽ ആവശ്യകത കൃത്യമായി വിലയിരുത്തിയശേഷം മാത്രം പദ്ധതി തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവർത്തികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(A)

| | |
|---|---|
| പ്രൊജക്ട് | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (6/22) |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 2,16,100/- (പദ്ധതി ഫണ്ട് – ജനറൽ) &<br>₹ 25,000/- ( തനത് ഫണ്ട്) |
| ചെലവ് | ₹ 2,16,017/- (പദ്ധതി ഫണ്ട്)<br>₹ 14,160/- ( തനത് ഫണ്ട്) |
| ബിൽ നമ്പർ | 4/3.6.21 - ₹ 37,708/- |

| | |
|---|---|
| | 12/4.8.21 – ₹ 45,821/- |
| | 14/21.9.21 - ₹ 78,562/- |
| | 15/21.9.21 -₹ 29,696/- |
| | 28/7.3.22 -₹ 17,914/- |
| | 29/7.3.22 - ₹ 6,316/- |
| തനത് ഫണ്ട് ചെക്ക് | 405850/7.3.22 - ₹ 14,160/- |

പദ്ധതി പ്രകാരം കെ. എസ്.ഇ.ബിക്ക് മേൽപറഞ്ഞ തുകകൾ ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യുമായി കരാർ ചമച്ചിട്ടില്ല. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(B)

| | |
|---|---|
| പ്രൊജക്റ്റ് | ഇലക്ട്രിക് ലൈൻ നീട്ടൽ (7/22) |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 3,82,750/- (പദ്ധതി ഫണ്ട് -ജനറൽ) |
| ചെലവ് | ₹ 3,67,926/- (പദ്ധതി ഫണ്ട്) |
| ബിൽ നമ്പർ | 9/4.8.21 - ₹ 25,468/- |
| | 35/25.3.22 - ₹ 3,42,458/- |

11.4.22 ലെ ഭരണസമിതി അടങ്കൽ എസ്റ്റിമേറ്റിനേക്കാൾ കുറവായതിനാൽ ഓരോ വാർഡിലേയും എസ്റ്റിമേറ്റ് 20,000/- രൂപയിൽ അധികരിക്കാതെ റിവൈസ് ചെയ്യുവാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ലഭിക്കാത്തതിനെ തുടർന്ന് 25.5.22 ലെ കമ്മിറ്റി 12, 13 വാർഡുകളിലെ പ്രവൃത്തി ഒഴിവാക്കി മറ്റ് വാർഡുകളിലെ പ്രവൃത്തി നടപ്പാക്കാൻ തീരുമാനിച്ചു. എസ്റ്റിമേറ്റ് ലഭ്യമാക്കി അടങ്കൽ ഉറപ്പുവരുത്താതെ പദ്ധതി തുക ഡെപ്പോസിറ്റ് ചെയ്തത് ക്രമപ്രകാരമല്ല.

(C)

| | |
|---|---|
| പ്രൊജക്റ്റ് | ഇലക്ട്രിഫിക്കേഷൻ -എസ്.സി.കോളനി -എസ്.സി.പി(283/22) |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 1,04,939/- (പദ്ധതി ഫണ്ട് -എസ്.സി.പി) |
| ചെലവ് | ₹ 86,642/- (പദ്ധതി ഫണ്ട്) |
| ബിൽ നമ്പർ | 30/16.03.2022 - ₹ 37,642/-<br>38/26.03.2022 – ₹ 49,000/- |

പദ്ധതി പ്രകാരം കെ. എസ്.ഇ.ബിക്ക് മേൽപറഞ്ഞ തുകകൾ ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യുമായി കരാർ ചമച്ചിട്ടില്ല. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ മൂന്ന് പദ്ധതികളായി ആകെ ചെലവഴിച്ച തുക 6,84,745/- തടസ്സപ്പെടുത്തുന്നു.

### 1-30 നിർമ്മാണം പൂർത്തിയാകാത്ത പകൽവീടിനായി ഫർണീച്ചർ വാങ്ങി

| | |
|---|---|
| പ്രൊജക്റ്റ് | പകൽവീട് ഫർണീച്ചർ (270/22) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 25,000/- (PLAN) |
| ചെലവ് | ₹ 24,660/- |
| ബിൽ നമ്പർ | 41/27.3.22 |

പകൽവീടിനായി 36 Armless ചെയറുകളും 6 കൈ ഉള്ള ചെയറുകളും പദ്ധതി പ്രകാരം ശ്രീലക്ഷ്മി ഹോം അപ്ലൈൻസിൽ നിന്നും വാങ്ങിയിട്ടുണ്ട്. ക്വട്ടേഷനിൽ പ്ലാസ്റ്റിക് ചെയറുകളുടെ നിരക്കാണ് രേഖപ്പെടുത്തിയത്, എന്നാൽ പർച്ചേസ് ബില്ലിൽ R.Wood Chair എന്നാണ്. പ്രസ്തുത ഫർണീച്ചർ നിലവിൽ പകൽവീടിനായുള്ള കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനുള്ള പദ്ധതിക്ക് നാളിതുവരെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് തുടങ്ങിയവയൊന്നും ചെയ്തിട്ടില്ല. പകൽവീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കി

ഉപയോഗപ്രദമാക്കുന്നതിന് മുൻപ് ഫർണീച്ചർ വാങ്ങി കെട്ടിടത്തിൽ നിഷ്ക്രിയആസ്തിയായി സൂക്ഷിക്കുന്നത് ആശാസ്യമല്ല. ഭാവിയിൽ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ചശേഷം മാത്രം ഫർണീച്ചറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 4/29.08.2022ന് മറുപടി ലഭിച്ചില്ല).

1-31 സാക്ഷരതാ പ്രേരകിന് ഓണറേറിയം - മുൻകൂർ തിരികെ ഈടാക്കേണ്ടതാണ്.

സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിലെ ഫണ്ട് അപര്യാപ്തത മൂലം സ.ഉ.(സാധാ)നം.626/2021/ത.സ്വ.ഭ.വ. തീയതി 26.02.2021 പ്രകാരം തനത് ഫണ്ടിൽ നിന്നും സാക്ഷരതാപ്രേരകിന് ഓണറേറിയം നൽകുവാൻ അനുമതി നൽകിയിരുന്നു. സാക്ഷരത മിഷന് ഫണ്ട് ലഭ്യമാകുമ്പോൾ തുക തിരികെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും ഉത്തരവിൽ വ്യവസ്ഥയുണ്ട്.

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും സാക്ഷരതാപ്രേരകിന് താഴെ പറയും പ്രകാരം താൽക്കാലികമായി ഓണറേറിയം നൽകിയിട്ടുണ്ട്.

ചെക്ക് - 118867/6.5.21 – ₹ 9,000/-

ഓണറേറിയമായി നൽകിയ 9,000/- രൂപ സാക്ഷരത മിഷനിൽ നിന്നും തിരികെ നാളിതുവരെ ലഭ്യമായിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കേണ്ടതാണ് (17/31.8.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല)

1-32 വനിതാ വ്യവസായ കേന്ദ്രങ്ങളിലേക്ക് വാങ്ങിയ ഫർണീച്ചർ മറ്റ് സ്ഥാപനങ്ങൾക്ക് നൽകി

| | |
|---|---|
| പ്രൊജക്ട് | വനിതാ വ്യവസായ കേന്ദ്രങ്ങളിലേക്ക് ഫർണീച്ചർ (220/22) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 1,50,000/- (Plan) |
| ചെലവ് | ₹ 1,49,940/- |
| ബിൽ നമ്പർ | 40/27.3.22 - ₹ 1,49,940/- |

വനിതാ വ്യവസായ കേന്ദ്രങ്ങളിലേക്ക് ഫർണീച്ചർ എന്ന പദ്ധതി പ്രകാരം 222 Armless പ്ലാസ്റ്റിക് ചെയറുകളും 10 കൈ ഉള്ള ചെയറുകളും 2 അലമാരയും ഒരു ടേബിളും ദീപം എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫർണീച്ചർ നിലവിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലാണ് സൂക്ഷിച്ചിട്ടുള്ളത് .

| സ്ഥാപനം | ഇനം | എണ്ണം | റിമാർക്സ് |
|---|---|---|---|
| പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് | ഓഫീസ് അലമാര | 1 | |
| വെസ് പ്രസിഡന്റിന്റെ ഓഫീസ് മുറി | ഓഫീസ് അലമാര | 1 | |
| ഹോമിയോ ഡിസ്പെൻസറി | ഓഫീസ് ടേബിൾ | 1 | |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഓഫീസ് മുറി | കൈ ഉള്ള പ്രീമിയം ചെയർ | 10 | |
| 18ാം വാർഡ് പി.എച്ച്.സി. | പ്ലാസ്റ്റിക് ചെയർ | 10 | |
| 6ാം വാർഡ് യോഗസെന്റർ | പ്ലാസ്റ്റിക് ചെയർ | 50 | യോഗസെന്റർ 2 വർഷമായി പ്രവർത്തിക്കുന്നില്ല |
| 3ാം വാർഡ് വനിതവികസന കേന്ദ്രം | പ്ലാസ്റ്റിക് ചെയർ | 50 | അങ്കണവാടിയുടെ മുകളിലെ ഹാൾ ആണ്. ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. നിലവിൽ ഇവിടെ ജാഗ്രതാസമിതി യോഗങ്ങൾ നടത്താറുണ്ട് |
| 7ാം വാർഡ് വനിതവികസന കേന്ദ്രം | പ്ലാസ്റ്റിക് ചെയർ | 90 | ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം. ഗ്രാമസഭായോഗങ്ങൾ നടത്താറുണ്ട്. |
| 9ാം വാർഡ് വനിതവികസന കേന്ദ്രം | പ്ലാസ്റ്റിക് ചെയർ | 22 | |

സ്ഥലപരിശോധന നടത്തിയതിൽ പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല എന്നും ഫർണീച്ചർ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതായും കണ്ടെത്തി.

വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയ പദ്ധതിയുടെ ലക്ഷ്യം വനിതകളുടെ തൊഴിൽപരവും സാമ്പത്തികവുമായ ഉന്നമനത്തിനായി വനിതാ വ്യവസായ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഫർണീച്ചർ വാങ്ങുക എന്നതായിരുന്നു. എന്നാൽ വാങ്ങിയ ഫർണീച്ചർ മറ്റ് സ്ഥാപനങ്ങളിലേക്ക് നൽകുകയാണ് ചെയ്തത്. ഫർണീച്ചർ ലഭിച്ച പല കേന്ദ്രങ്ങളും ഉപയോഗിക്കപ്പെടുന്നവയുമല്ല. പദ്ധതിയുടെ ലക്ഷ്യത്തിന് അനുസരിച്ചല്ല ഫർണീച്ചർ വിതരണം ചെയ്തിട്ടുള്ളത്.

പദ്ധതി പ്രകാരം വാങ്ങിയ ഫർണീച്ചർ പദ്ധതിലക്ഷ്യങ്ങൾക്ക് അനുസൃതമായി ഉപയോഗിക്കപ്പെടുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 പൊതുടാപ്പുകൾ - സംയുക്ത പരിശോധന നടത്തേണ്ടതാണ്

ജലജീവൻ മിഷൻ മുഖേന ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,09,801/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. 239 ടാപ്പുകളുടെ തുകയാണ് ഒടുക്കുന്നത്. ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി പഞ്ചായത്ത് , വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 25.09.2021 ലെ കമ്മിറ്റി തീരുമാനം 1 പ്രകാരം ഒഴിവാക്കേണ്ട പൊതുടാപ്പുകളുടെ ലിസ്റ്റ് / വിവരം വാർഡ് മെമ്പർമാരിൽ നിന്നും ലഭ്യമാക്കി തുടർനടപടി സ്വീകരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലിസ്റ്റ് ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. “ജലവിതരണവും ശുചിത്വവും” എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ജലഅതോറിറ്റിയുടെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ ആ സ്ഥാപനത്തിന്റെ പ്രാദേശിക ഓഫീസ് മേധാവിയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ കൂടി സഹായത്തോടെ സംയുക്ത പരിശോധന നടത്തിയാണ് ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തേണ്ടത്. പരിശോധനയെത്തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണം. ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പാക്കാൻ എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-34 വാഹന പരിപാലനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്) നം. 170/2007/ ത.സ്വ.ഭ.വ തീയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി 02.08.2008 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തീയതി 31.03.2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ എന്നിവ നിശ്ചയിച്ചിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രേഖകളുടെ (2021-22 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ) അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

വാഹനം – Mahindra TUV - (രജിസ്ട്രേഷൻ നം.- KL-07-CQ-298)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
  - ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

    1. ലോഗ് ബുക്ക്
    2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
    3. റിപ്പയർ രജിസ്റ്റർ
    4. ഫ്യുവൽ രജിസ്റ്റർ

    എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. 24.12.22 മുതലുള്ള ലോഗ് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കിയുള്ള രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.
- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20, 2020-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.
- കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ് ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- ലോഗ് ബുക്ക് കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് അറ്റകുറ്റപണി- അപാകതകൾ

പ്രൊജക്ട് – തെരുവ് വിളക്ക് അറ്റകുറ്റപണി (15/22)

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ - ₹ 10,00,000/-

ചെലവ് - 5065207201210082/23.3.22 – ₹ 4,20,000/-

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി താഹിറ സമീർ, എം.എ.ഇലക്ട്രിക്കൽസ് എന്ന കരാറുകാരനാണ് (8,46,900/- രൂപ എ.എം.സി. തുക)നിർവഹിക്കുന്നത്. 4 ഗഡുക്കളായാണ് തുക നൽകേണ്ടത്. കരാർ പ്രകാരം 20.10.21 മുതൽ ഒരു വർഷത്തേക്ക് തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി കെ.എസ്.ഇ.ബി.യുടെ മേൽനോട്ടത്തിൽ ചെയ്യേണ്ടതും പരാതി രജിസ്റ്റർ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ എ.എം.സി തുക നൽകുകയാണ് ചെയ്തു വരുന്നത്. പരാതി രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്ന എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് വർഷം കരാറുകാരന് എ.എംസി. തുകയായി 4,20,000/- രൂപ (2 ഗഡു) അനുവദിച്ചുവെങ്കിലും ജി.എസ്.ടി. TDS കുറവ് ചെയ്തിട്ടില്ല. ഫൈനൽ ബില്ലിലും (2022-23 ൽ നൽകിയത്) ജി.എസ്.ടി. TDS കുറവ് ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി (4/29.8.22) ന് മറുപടിയായി തെരുവ് വിളക്കുകളുടെ പരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലയായതിനാൽ (Pure Service) ജി.എസ്.ടി. ഒഴിവാക്കിയിട്ടുള്ളതിനാലാണ് ടി.ഡി.എസ് കുറവ് ചെയ്യാതിരുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 18% ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയാണ് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

സ്ഥാപനം - എം.എ.ഇലക്ട്രിക്കൽസ്(പ്രൊപ്രൈറ്റർ- താഹിറ സമീർ)

ഇൻവോയ്സ് നം . - Wc 13/14.3.22

അനുവൽമെയിന്റനൻസ് വർക്ക് കോൺട്രാക്ട് തുക – ₹ 3,55,932.20

CGST - @9% - ₹ 32,033.9

SGST - @9% - ₹ 32,033.9

ആകെ – ₹ 4,20,000/-

അതിനാൽ ജി.എസ്.ടി. ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം കരാറുകാരൻ ജി.എസ്.ടി. ഒടുക്കിയതിന്റെ വിവരങ്ങൾ പരിശോധിച്ച് പ്രസ്തുത തുക ഒടുക്കിയിട്ടുണ്ട് എന്നതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-36 എൽ.ഇ.ഡി. സ്ഥാപിക്കൽ - വൈദ്യുതി ബോർഡിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട് - സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (218/22)
നിർവ്വഹണം – സെക്രട്ടറി

അടങ്കൽ – ₹ 10,00,000/- (BPCL CSR Fund)

ചെലവ് – ₹ 3,99,634/-

ബിൽ - 506520720121 0074/10.3.22

ബി.പി.സി.എൽ. നൽകിയ സി.എസ്.ആർ ഫണ്ട് വിനിയോഗിച്ച് 360 എണ്ണം 35 W LED With Manual Operation, 25 എണ്ണം 35 W LED With Automatic Operation എന്നിവ 8 റസിഡൻഷ്യൽ കോളനികളിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പർച്ചേസ് നടത്തിയത്. വിളക്കുകൾ ലഭ്യമായതായി സെക്രട്ടറി അറിയച്ചതിനെ തുടർന്നാണ് BPCL തുക അനുവദിച്ചത്. എന്നാൽ വിളക്കുകൾ സ്ഥാപിച്ചതായി മെമ്പർമാരുടെ കത്ത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. (പല കത്തുകളിലും വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുമില്ല). വൈദ്യുതി ബോർഡിൽ നിന്നും എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രങ്ങളൊന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക്(നം.4/29.8.22) മറുപടിയായി കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകുന്നതാണ് എന്നാണ് അറിയിച്ചത്. പുതിയ വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-37 മഴക്കാലപൂർവ്വശുചീകരണം- രേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂറായി നൽകിയ തുകയുടെ ചെലവ് രേഖകൾ വൌച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. താഴെപ്പറയും പ്രകാരമുള്ള തുകകളാണ് 18 വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൌണ്ടിലേക്ക് നൽകിയത്

ചെക്ക് - 522703/22.4.21 – ₹ 1,80,000/-

226483/1.6.21 – ₹ 1,80,000/-

രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ചെലവ് രേഖകൾ ലഭ്യമാക്കി മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 3,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ഒരേ പ്രവൃത്തിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലെ കട്ടേപ്പാടം തോട് സംരക്ഷണത്തിനായി താഴെ പറയും പ്രകാരം 5 പദ്ധതികളാണ് 2021-22 വർഷം നടപ്പിലാക്കിയത്.

| പദ്ധതി നം, പേര് | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് | കരാർ തീയതി |
|---|---|---|---|---|---|
| 133-കട്ടേപ്പാടം തോട് സൈഡ് കെട്ടി സംരക്ഷണം | 2,00,000 | 1,97,541 | അനസ്. എൻ.എ. | എസ്റ്റിമേറ്റ് നിരക്ക് | 14.02.2022 |
| 277-കട്ടേപ്പാടം തോട് സംരക്ഷണം ഭാഗം 1 | 4,99,000 | 4,93,704 | അലി.കെ.എം. | 1 % ടെണ്ടർ കുറവ് | 08.03.2022 |
| 279-കട്ടേപ്പാടം തോട് സംരക്ഷണം ഭാഗം 2 | 4,99,000 | 4,80,542 | അനീർ സി.എം. | 0.5 %ടെണ്ടർ കുറവ് | 08.03.2022 |
| 280-കട്ടേപ്പാടം തോട് സംരക്ഷണം ഭാഗം 3 | 3,82,477 | 3,51,493 | അനീർ സി.എം. | 0.75 %ടെണ്ടർ കുറവ് | 08.03.2022 |
| 236-ആയുർവേദ ഫാർമസി – | 4,99,000 | 4,98,770 | മുഹമ്മദ്റാഫി. കെ.എ. | എസ്റ്റ്മേറ്റ് നിരക്ക് | 01.01.2022 |

| | | | | | | |
|---|---|---|---|---|---|---|
| കട്ടേപ്പാടം തോട് സൈഡ് കെട്ടി സംരക്ഷണം | | | | | | |

മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികളും ഒരേ തോട് സംരക്ഷണത്തിനായിരുന്നു. ഓരോ പ്രവൃത്തിയും ഏത് ഭാഗത്താണ് ചെയ്തതെന്ന് അളവു പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ പ്രവൃത്തികളും ഏകദേശം ഒരേ കാലയളവിൽ കരാറിലേർപ്പെട്ടവയാണെന്ന് കാണാവുന്നതാണ്. ഇ ടെണ്ടർ നടപടി ഒഴിവാക്കാനാണ് ഇത്തരത്തിൽ 5 ലക്ഷം രൂപയിൽ താഴെ വരത്തക്കവണ്ണം പ്രത്യേകം പദ്ധതികൾ തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്. കൂടാതെ 5 പ്രവൃത്തികൾക്കും വേണ്ടിയുള്ള ആകെ അടങ്കൽ 15 ലക്ഷത്തിൽ അധികമാകുന്നതുകൊണ്ട് സാങ്കേതിക അനുമതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങണമെന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഒഴിവാക്കുവാൻ ഒരു പദ്ധതി വഴി ചെയ്യാവുന്ന പ്രവൃത്തി ഇത്തരത്തിൽ വിഭജിച്ച് ചെയ്യുന്നത് ശരിയായ നടപടിയല്ല. ഓരോ പ്രവൃത്തിയും എവിടെ നിന്നും ആരംഭിച്ചുവെന്നത് കൃത്യമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്താത്തതിനാൽ ചെയ്ത പ്രവൃത്തിയുടെ അളവുകളുടെ കൃത്യത പരിശോധിക്കാനാവില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 അമ്പാട്ടുകാവ് തുരങ്കപാത- നാളിതുവരെയായിട്ടും നിർമ്മാണം തുടങ്ങിയില്ല.

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ അമ്പാട്ട് കാവിൽ ഒരു റയിൽവേ തുരങ്കപാത നിർമ്മിക്കുന്നതിനായി താഴെപ്പറയും പ്രകാരം 1,25,15,955/- രൂപ ഇതിനോടകം സതേൺ റയിൽവേയിൽ മുൻകൂർ അടവാക്കിയിട്ടുണ്ട്. ഇതിൽ 67,80,000/- രൂപ 2006-07, 2009-10 വർഷങ്ങളിൽ പഞ്ചായത്ത് പദ്ധതി വഴി അടവാക്കിയതാണ്. എന്നാൽ വിവിധ സാങ്കേതിക കാരണങ്ങളാൽ നാളിതുവരെയായിട്ടും സബ്‌വേയുടെ നിർമ്മാണം തുടങ്ങിയിട്ടില്ല.

| | | | |
|---|---|---|---|
| പഞ്ചായത്ത് വിഹിതം | 67,80,000 | DD No 952692/17.01.2007 | 1,80,000 |
| | | DD No 356573/24.03.2010 | 9,90,000 |
| | | DD No 356573/24.03.2010 | 9,90,000 |
| | | DD No 356573/24.03.2010 | 9,90,000 |
| | | DD No 356573/24.03.2010 | 9,90,000 |
| | | DD No 356573/24.03.2010 | 9,90,000 |
| | | DD No 356573/24.03.2010 | 9,90,000 |
| | | DD No 356573/24.03.2010 SBT Thaikkattukara | 6,60,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,00,000 | അടവാക്കിയതിന്റെ വിശദാംശം ലഭ്യമായില്ല. | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 | | |
| എം.എൽ.എ ഫണ്ട് | 30,00,000 | | |
| എം.പി.ഫണ്ട് | 17,35,955 | | |
| ആകെ | 1,29,15,995 | | |

നാഷണൽ ഹൈവേ അതോറിറ്റിയുടെ NHA1/PD/Palakkad/NH47/KL-1/431 Dated 23.08.2013 കത്തിൽ മേൽ പദ്ധതിക്ക് അനുമതി നൽകാനാവില്ലെന്ന് അറിയിച്ചിട്ടുണ്ട്. സതേൺ റയിൽവേയുടെ ഭാഗത്തു നിന്നും അനുകൂലമായ നടപടി ഇനിയും ഉണ്ടായിട്ടില്ല. ഭീമമായ തുക മുൻകൂർ നൽകിയിട്ടുള്ള സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യത്തോടെ ഈ തുരങ്കപാതയുടെ നിർമ്മാണമാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 67,80,000/- രൂപ പഞ്ചായത്ത് വിഹിതമായി മുൻകൂർ നൽകിയിട്ടുള്ള വിവരം പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

1-40 ഓഡിറ്റ് ഇംപാക്റ്റ്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽത്തുക അനുവദിച്ചപ്പോൾ സംഭവിച്ച അപാകതകൾ മൂലം കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരികെ ഈടാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം , പേര് | ചെലവഴിച്ച തുക | കരാറുകാരന്റെ പേര് | തിരികെ ഈടാക്കിയ തുക | അപാകതക്ക് കാരണം | രസീത് നം, തീയതി | ഓഡിറ്റ് എൻക്വയറി നം, തീയതി |
|---|---|---|---|---|---|---|
| 56/22, SN പുരം | 5,48,202 | അലി. കെ.എം. | 15,849 | അനുവദനീയമല്ലാത്ത ടെണ്ടർ | 1220302491/ 29.08.2022 | 2/26.08.22 |

| | | | | | | |
|---|---|---|---|---|---|---|
| പട്ടാട്ടുപാടം റോഡ് പുനരുദ്ധാരണം | | | | എക്സസ് നൽകി | | |
| 246/22, വിവിധ കാനകളിലെ മാലിന്യം നീക്കം ചെയ്യൽ | 4,82,184 | അനീർ സി.എം. | 241 | ഫൈനൽ ബില്ലിൽ നിന്നും ടെണ്ടർ ബിലോ കുറവ് ചെയ്തില്ല | 1220302492/ 29.08.2022 | 6/29.08.22 |
| 163/22, പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിൽ വനിതസൗഹൃദ ശുചിമുറി | 1,43,876 | അബ്ദുൾ റഷീദ്. എ.ഐ. | 12,846 | ജി.എസ്.ടി. ബാധകമല്ലാത്ത നിരക്ക് പ്രകാരമുള്ള പ്രവൃത്തിക്ക് ജി.എസ്.ടി. അനുവദിച്ചു | 1220302553/ 31.08.2022 | 5/29.08.22 |
| ആകെ | | | 28,936 | | | |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതി | 4,00,000 | 0 |
| 2 | ,, | ,, | 6,50,000 | ലൈഫ് ഭവന പദ്ധതി | 16,74,500/- (2020-21 വർഷത്തെ ബാക്കി കൂടി ഉൾപ്പെടുത്തിയുള്ള ചെലവ്) | - |
| 3 | ,, | ,, | | ലൈഫ് ഭവന പദ്ധതി ( സ്പിൽ ഓവർ) | 11,30,000/- | - |
| 4 | ,, | ,, | 1,88,000 | ലൈഫ് ഭവന പദ്ധതി- എസ്.സി ( സ്പിൽ | 2,34,000/- (മുൻ വർഷ ബാക്കി കൂടി ഉൾപ്പെടുത്തിയുള്ളചെലവ്) | - |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഓവർ) | | |
| 5 | ജില്ലാപഞ്ചായത്ത് | ,, | 8,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതി | 8,00,000/- | 0 |
| 6 | ,, | | 5,00,000 | ---"--- (സ്പിൽ ഓവർ) | 5,00,000/- | 0 |

സംയുക്ത പ്രോജക്റ്റുകൾക്ക് മുൻവർഷം ലഭിച്ച തുകയുൾപ്പെടെയുള്ളവയുടെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 38,11,832 | 12,38,000 | 50,49,832 | 34,38,500 | 16,11,332 |
| ജില്ലാ പഞ്ചായത്ത് | 9,00,000 | 13,00,000 | 22,00,000 | 13,00,000 | 9,00,000 |
| ആകെ | 47,11,832 | 25,38,000 | 72,49,832 | 47,38,500 | 25,11,332 |

മേൽകണക്ക് പ്രകാരമുള്ള 25,11,332/- രൂപയിൽ നിന്നും 13,28,055/- രൂപ സർക്കാർ റിഡംപ്ഷൻ ആയി പിൻവലിച്ചിട്ടുണ്ട്. അതു കണക്കിലെടുക്കുമ്പോൾ 11,83,277/-രൂപ നീക്കിയിരിപ്പ് ഉണ്ടാകേണ്ടതാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 9,66,000/- രൂപയാണ്. 2,17,277/- (11,83,277-9,66,000) രൂപയുടെ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ് .

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (6/22) | 4/3.6.21 - 37708<br>12/4.8.21 - 45821<br>14/21.9.21 - 78562<br>15/21.9.21 -29696<br>28/7.3.22 -17914<br>29/7.3.22 - 6316 | 2,30,177 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| ---"--- | (തനത് ഫണ്ട്) | 405850/7.3.22 - 10871 | | | ---"--- |
| ---"--- | ഇലക്ട്രിക് ലൈൻ നീട്ടൽ (7/22) | 9/4.8.21 - 25468<br>35/25.3.22-342458 | 3,67,926 | | ---"--- |
| ---"--- | ഇലക്ട്രിക് ലൈൻ (SC) 283/22 | 30/16.3.22 | 37,642 | | ---"--- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | | 1,09,55,025/- | 10,85,333/- | | 98,69,692/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,23,80,772 |
| തൻവർഷം നിക്ഷേപിച്ച തുക | 2,00,00,000 |

| | |
|---|---|
| പലിശ | 3,52,642 |
| ആകെ | 4,27,33,414 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2,27,33,414 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | SBI - 40264913716 | 2.7.21 | 6 മാസം | 50,00,000 |
| 2 | HDFC - 50300532060326 | 5.7.21 | 24 മാസം | 50,00,000 |
| 3 | Federal Bank-1512306097762 | 28.5.21 | 16 മാസം | 50,00,000 |
| 4 | Federal Bank-1512306097754 | 28.5.21 | 16 മാസം | 50,00,000 |
| ആകെ | | | | 2 കോടി രൂപ |

വാർഷികകണക്കിൽ 2,12,58,364/- രൂപ തെറ്റായി ചേർത്തിട്ടുള്ളത് ഒഴിവാക്കി യഥാർത്ഥ കണക്കാണ് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 2 (12) മരാമത്ത് പണികൾക്കും, മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 2006-07 | 3.39.1.2 | പഞ്ചായത്ത് ലൈബ്രറി ഹാൾ വികസനം | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | ഇടവനപ്പാടം സാംസ്കാരിക നിലയം | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | | തണ്ടിരിക്കൽ കാന പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | വേവ്കാട്ടിൽ ലൈൻ റോഡ് | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | മുണ്ടയത്ത് പറമ്പ് റോഡ് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | | ചേനക്കപ്പാടം റോഡ് പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 15,05,07,835 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,00,73,252 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,22,351 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 7,21,446/- | ഡോ. നിഷ ജയചന്ദ്രൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-21 | 4,62,893/- | ശ്രീമതി ശാന്തി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 20,000/- | ശ്രീമതി വിനില സി.വി., ICDS സൂപ്പർവൈസർ |
| 1-23 | 14,0,000/- | ശ്രീ പ്രതീഷ് കുമാർ, വി.ഇ.ഒ. |
| 1-25 | 4,55,544/- | ശ്രീ മഹേഷ് കുമാർ, സെക്രട്ടറി |
| 1-26 | 2,27,723/- | ശ്രീമതി രേഖ കെ., സെക്രട്ടറി |
| 1-27 | 3,50,000/- | ശ്രീമതി രേഖ കെ., സെക്രട്ടറി |
| 1-29 A | 1,91,787/- | ശ്രീമതി രേഖ കെ., സെക്രട്ടറി |
| | 38,390/- | ശ്രീ മഹേഷ് കുമാർ, സെക്രട്ടറി |
| 1-29 B | 25,468/- | ശ്രീമതി രേഖ കെ., സെക്രട്ടറി |
| | 3,42,458/- | ശ്രീ മഹേഷ് കുമാർ, സെക്രട്ടറി |
| 1-29 C | 86,642/- | ശ്രീ മഹേഷ് കുമാർ, സെക്രട്ടറി |
| 1-37 | 3,60,000/- | ശ്രീമതി രേഖ കെ., സെക്രട്ടറി |
| ആകെ | 34,22,351/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രേഖ കെ.,<br>സെക്രട്ടറി | --- | കൽപ്പക, സി.എം.സി -33<br>ചേർത്തല (പി.ഒ.) |
| ശ്രീ മഹേഷ് കുമാർ കെ.<br>സെക്രട്ടറി | സെക്രട്ടറി<br>ചൂർണിക്കര | പുത്തൻവീട്ടിൽ, കടുങ്ങല്ലൂർ (ഈസ്റ്റ്)<br>യു.സി കോളേജ്, ആലുവ |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | |
| ഡോ നിഷ ജയചന്ദ്രൻ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ചൂർണിക്കര ഗ്രാമപഞ്ചായത്ത് | രാജധാനി ബിൽഡിംഗ്, പുളിഞ്ചോട്, ആലുവ |
| ശ്രീ ശാന്തി .കെ അസി.സെക്രട്ടറി | | കല്ലാട്ടിൽ, തെക്കേക്കര എടത്തല, ആലുവ |
| ശ്രീ പ്രതീഷ് കുമാർ, VEO | | മഠത്തിൽ, സി.എം.സി – 25 ചേർത്തല (പി.ഒ.) – 688 524 |
| ശ്രീമതി വിനില സി.വി., ICDS സൂപ്പർവൈസർ | ചെല്ലാനം ഗ്രാമപഞ്ചായത്ത് | EM-ഗാലക്സി ഹാമിൽട്ടൺ ചിലവന്നൂർ റോഡ്, കടവന്ത്ര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (2)/19, 8.7.2019 |
| 1997-98 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (3)/19, 8.7.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (4)/19, 8.7.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (5)/19, 8.7.2019 |
| 2001-02 വരവ് | എൽ.എഫ്.ഇ (പി5) 890/06, 19.01.2007 |
| 2001-02 ചെലവ് | എൽ.എഫ്.ഇ (പി5) 752/05, 22.02.2006 |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09, 08.03.2010 |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/08,05.01.2009 |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11, 13.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11, 13.02.2012 |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11, 13.02.2012 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (1)/18, 08.08.2018 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (2)/18, 08.08.2018 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (3)/18, 08.08.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി5)1848/16, 07.07.2018 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി5)1515/17, 25.07.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി5) 1955/18, 06.07.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി5) 1178/19, 16.09.2019 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി5-517/2021), 31/03/2021 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി5-1953/2021), 18.6.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീരിപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്